LIBRARY ARCHIVES Kerala Legislative Assembly

ഹൈഡ്രോഫോയിൽ പാസഞ്ചർ സർവ്വീസ്

28(*628) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈഡ്രോ ഫോയിൽ പാസഞ്ചർ സർവ്വീസ് പദ്ധതിക്ക് തുറമുഖ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) എമർജിംഗ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി M/s KITCO ഹൈഡ്രോ ഫോയിൽ പാസഞ്ചർ സർവ്വീസ് പദ്ധതിക്ക് സാദ്ധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് പി.പി.പി. മോഡലിൽ നടപ്പിലാക്കാൻ താല്പര്യമെടുത്ത് ആരുംതന്നെ മുന്നോട്ട് വന്നിട്ടില്ല. പദ്ധതിക്ക് അന്തിമരൂപം നൽകിയിട്ടില്ല.

(ബി) കോസ്റ്റൽ പാസഞ്ചർ സർവ്വീസ് നടപ്പിലാക്കുക, മാലി, ശ്രീലങ്ക തുടങ്ങിയ രാഷ്ട്രങ്ങളുമായി യാത്രാക്കപ്പൽ സർവ്വീസ് തുടങ്ങുക എന്നിവയായിതന്നെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) M/s KITCO തയ്യാറാക്കിയ പദ്ധതി രൂപരേഖ പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നതിനായി എമർജിംഗ് കേരളയിൽ പ്രദർശിപ്പിച്ചിരുന്നു. ഇതുസംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടുകൾ എമർജിംഗ് കേരള സംരംഭം സന്ദർശിച്ചവർക്ക് ലഭ്യമാക്കിയിരുന്നു.

ശുചിത്വ തീരം പദ്ധതി

29(*629) ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വ തീരം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) തീരമേഖലയുടെ ശുചിത്വ പരിപാലനത്തിനായി സമഗ്രമായ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിൽ വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉറപ്പ് വരുത്തുന്നതിന് സാനിട്ടേഷൻ (വ്യക്തിഗതം/കോമൺ സാനിട്ടേഷൻ), ഡ്രെയിനേജ് സൗകര്യം, ബയോഗ്യാസ് പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേനയും തീരദേശ വികസന കോർപ്പറേഷൻ മുഖേനയും നടപ്പിലാക്കിവരുന്നു. ഇതിനായി ഫിഷറീസ് വകുപ്പ് നേരിട്ട് 24.55 കോടി രൂപയുടേയും തീരദേശ വികസന കോർപ്പറേഷൻ മുഖേന 20.03 കോടി രൂപയും ഉൾപ്പെടെ ആകെ 44.58 കോടി രൂപയുടെ ശുചിത്വ പദ്ധതികൾ തീരദേശമേഖലയിൽ നടപ്പിലാക്കി വരുന്നു. ഇതുവരെ നാലുവർഷംകൊണ്ട് 13707 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ടോയ്ലറ്റുകൾ നൽകി. ഈ സാമ്പത്തിക വർഷവും അപേക്ഷിച്ചിരുന്ന മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വ്യക്തിഗത ടോയ്ലറ്റ് നിർമ്മിക്കുന്നതിനായി 630 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിൽ പരിസര മലിനീകരണംമൂലം കടിവെള്ളത്തിലും മറ്റും മാലിന്യം കലർന്ന് പൊതുജനങ്ങളിൽ പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽവന്നതുമൂലം വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പുവരുത്തി തീരദേശ മേഖലകളിൽ ആരോഗ്യ പൂർണ്ണമായ സമൂഹം ഉണ്ടാക്കുന്നതിനാണ് മേൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(സി) ടി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ആവശ്യമായ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് യഥാസമയം അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി പുരോഗതി കൃത്യമായി അവലോകനം ചെയ്യുന്നതിന് സർക്കാർ തലത്തിലും വകുപ്പുതലത്തിലും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly